# ആരെയാണ് പ്രോസിക്യൂഷൻ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും?

**രണ്ടു** വർഷത്തോളം നീണ്ട വിചാരണയുടെ ഒടുവിൽ ഈ വരുന്ന മെയ് 3-ന് മുംബൈയിലെ പ്രത്യേക കോടതി അജ്മൽ അമീർ കസബിന്റെ കേസിൽ വിധി പറയും. പാകിസ്താനിലെ ദരിദ്ര കുടുംബത്തിൽ ജനിച്ച്, ലശ്കറെ ത്വയ്യിബയിൽ അംഗമായി, സഖിയുർറഹ്മാൻ ലഖ്വിയുടെയും ഹാഫിസ് സഈദിന്റെയും നിർദേശപ്രകാരം ഒമ്പത് സഹ ഭീകരരുടെ കൂടെ ഇന്ത്യയിലേക്കു പുറപ്പെട്ട്, കറാച്ചിയിൽ നിന്നുള്ള യാത്രാ മധ്യേ ഗുജറാത്തികളായ പത്ത് മുക്കുവരെ പിടികൂടി വധിച്ച്, മുംബൈയിൽ ബോട്ടിറങ്ങി പോലീസിന്റെ ഭീകരവിരുദ്ധ സെൽ തലവനായ ഹേമന്ത് കർക്കരെയെയും അശോക് കാംതെയെയും വിജയ് സലസ്കറെയും കൊന്നൊടുക്കി, നഗരത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ആശുപത്രികളിലുമടക്കമുള്ള വിവിധ കേന്ദ്രങ്ങളിൽ വിനാശം വിതച്ച് ഇന്ത്യയെ മൂന്നു ദിവസം വിറപ്പിച്ച കസബിന് വധശിക്ഷ ലഭിച്ചാൽ ഒരു കുഞ്ഞുപോലുമുണ്ടാകില്ല സഹതപിക്കാൻ.

യഥാർഥത്തിൽ കസബ് ആരായിരുന്നു? ഇയാളെ കുറിച്ച് പോലീസ് പറയുന്ന കഥയുടെ ചെറിയൊരു നൂലിഴ പോലും കോടതിയിൽ പൊട്ടുന്നില്ലെങ്കിലേ മുംബൈ ആക്രമണത്തെ കുറിച്ച പോലീസിന്റെ സിദ്ധാന്തങ്ങൾക്കും നിലനിൽപ്പുള്ളൂ. മുംബൈ ഭീകരാക്രമണ കഥയിലെ ആദ്യാവസാനമുള്ള നായകനായി ഇപ്പോൾ കസബ് മാറിയിട്ടുണ്ട്. സംഭവത്തിലുൾപ്പെട്ട ഭീകരർ നേർക്കുനേരെ ബോട്ടു മാർഗമാണ് ഇന്ത്യയിലെത്തിയതെന്നതിന് കോടതിയിൽ ഹാജരാക്കിയ സാക്ഷിമൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് പാകിസ്താനിലെ ലശ്കറെ ത്വയ്യിബ ആസ്ഥാനത്ത് നടന്ന ഗൂഢാലോചനയുടെ ഭാഗമാണ് ഈ ആക്രമണമെന്ന് പോലീസ് പറയുന്നത്. മാധ്യമങ്ങളിൽ എവിടെയും പേരോ മറ്റു വിവരങ്ങളോ പ്രത്യക്ഷപ്പെടാതെ അതീവ രഹസ്യമായി മുംബൈ പോലീസ് ഹാജരാക്കിയ എഫ്.ബി.ഐയിലെ മൂന്ന് ഉദ്യോഗസ്ഥരായിരുന്നു ഏറ്റവും സുപ്രധാന സാക്ഷികൾ. മറ്റ് മൂന്നു പേർ അമേരിക്കയിൽ നിന്ന് വീഡിയോ കോൺഫറൻസിലൂടെയും മൊഴികൊടുത്തു. കസബും കൂട്ടരും വന്നുവെന്ന് പോലീസ് അവകാശപ്പെട്ട കുബേർ എന്ന ബോട്ടിന്റെ നശിപ്പിക്കപ്പെട്ട ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റത്തിന്റെ (ജി.പി.എസ്) രേഖകൾ ഈ അമേരിക്കക്കാരാണ് വീണ്ടെടുത്തു നൽകിയതത്രെ. ബോട്ട് വന്നുവെന്ന് സ്ഥാപിക്കാനുള്ള മറ്റു ഒരു രേഖയും ഫലപ്രദമായിരുന്നില്ലെന്ന സൂചനയും ഈ മൊഴി നൽകലിലുണ്ട്. ഈ ഒറ്റക്കഥ പൊളിഞ്ഞാൽ പോലീസിന്റെ മുഴുവൻ കേസും ചീട്ടുകൊട്ടാരം പോലെ നിലം പൊത്തുമെന്ന് ചുരുക്കം. കസബിനെ മുംബൈ നഗരത്തിൽ തലേദിവസം മദ്യഷാപ്പിലും ഇറച്ചിക്കടയിലും മറ്റും കണ്ടവരുടെ മൊഴികൾ രേഖപ്പെടുത്താതെയാണ് പോലീസ് ആദ്യകാലത്ത് മുന്നോട്ടു പോയത്. അവരിൽ പെട്ട ഒരാൾ കോടതിയിൽ നിയമയുദ്ധം നടത്തി തന്റെ മൊഴി രേഖപ്പെടുത്തിക്കുകയും ചെയ്തിരുന്നു.

ഡേവിഡ് ഹെഡ്ലി പിടിക്കപ്പെടുന്നതിനു മുമ്പുള്ള കാലത്ത് മുംബൈ ആക്രമണത്തെ കുറിച്ച് മറ്റെന്തെങ്കിലുമൊരു വീക്ഷണകോണിലൂടെ വാർത്ത നൽകാൻ സി.ഐ.എ ഭക്തന്മാരായ ഇന്ത്യയിലെ ഇംഗ്ലീഷു മാധ്യമങ്ങൾ തയാറായിരുന്നില്ല. ഇന്ത്യയിലെ ഇന്റലിജൻസ് ബ്യൂറോ ഒന്നാം പ്രതിയും സി.ഐ.എയും മൊസാദും രണ്ടും മൂന്നും പ്രതികളുമായ ആക്രമണമാണ് മുംബൈയിൽ അരങ്ങേറിയതെന്ന് അന്നും ഇന്നും വാദിക്കുന്ന ചില ഒറ്റപ്പെട്ട പത്രപ്രവർത്തകരുണ്ട്. ഉലമാ കൗൺസിൽ സ്ഥാനാർഥിയായി ലഖ്നൗവിൽ മത്സരിച്ച അമരീഷ് മിശ്ര ഉദാഹരണം. കോൺഗ്രസിന്റെ മത സൗഹാർദ സെല്ലിന്റെ അധ്യക്ഷനാണ് നിലവിൽ മിശ്ര. മുംബൈയിൽ ഏറ്റവുമാദ്യം പ്രതിക്കൂട്ടിൽ കയറ്റേണ്ടത് ഐ.ബിയുടെ ഉദ്യോഗസ്ഥന്മാരെയാണെന്നും അവരുടെ കുറ്റം സംഭവത്തെ കുറിച്ച അറിവില്ലായ്മയല്ലെന്നും മറിച്ച് പൂർണമായ ഗൂഢാലോചനയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇന്ത്യൻ ഇന്റലിജൻസ് മാത്രമല്ല സംശയത്തിന്റെ പ്രതിക്കൂട്ടിലുള്ളത്. ഹെഡ്ലിയെ എഫ്.ബി.ഐയുടെ ഇരട്ട ഏജന്റ് എന്ന് തുടക്കത്തിൽ കുറ്റപ്പെടുത്തിയ ഇംഗ്ലീഷ് മാധ്യമങ്ങൾ പിന്നീട് ചുവടു മാറ്റുന്ന

തും ശ്രദ്ധിക്കുക. ഹെഡ്‌ലിയെ വെറും 'ലശ്കർ ഏജന്റ്' എന്നാണ് ഇപ്പോൾ അവർ വിശേഷിപ്പിക്കുന്നത്. യഥാർഥ ചിത്രം അതല്ലെന്ന് ആഭ്യന്തരമന്ത്രി അടക്കമുള്ളവരുടെ വാക്കുകളിൽ നിന്ന് വ്യക്തം. ഇരട്ട ഏജന്റ് എന്ന വിശേഷണത്തിന്റെ സാധ്യതകൾ എന്തുകൊണ്ട് ചർച്ച ചെയ്യപ്പെടുന്നില്ല? എഫ്.ബി.ഐ അറിയാതെ അവരുടെ ഏജന്റ് ഇത്ര വലിയ നീക്കങ്ങളുമായി ഇന്ത്യയിൽ മുന്നോട്ടു പോയെന്നാണോ? ഹെഡ്‌ലിയുടെ നീക്കങ്ങൾ ഇന്ത്യൻ ഇന്റലിജൻസ് അറിയാതിരിക്കാനും സാധ്യതയുണ്ടായിരുന്നില്ല. ഐ.ബിയുടെ അറിവും സഹകരണുമില്ലാതെയാണ് ഹെഡ്‌ലി മുന്നോട്ടു പോയതെങ്കിൽ രാജ്യദ്രോഹത്തിന് വഴിയൊരുക്കിയ കുറ്റകരമായ അനാസ്ഥയാണ് ഈ ആർ.എസ്.എസ് തലച്ചോറുകളുടേത് എന്നാണ് അമരീഷ് മിശ്ര അഭിപ്രായപ്പെടുന്നത്. ഐ.ബി അടിയന്തരമായി പിരിച്ചുവിടുകയാണ് രാജ്യതാൽപര്യത്തിന് ഗുണകരമെന്നും അദ്ദേഹം വാദിക്കുന്നു.

എഫ്.ബി.ഐ സംഭവത്തിൽ ഉൾപ്പെട്ടതു പോലെയാണ് മൊസാദിന്റെ കാര്യവും. നരിമാൻ പോയിന്റിലെ ജൂത കേന്ദ്രമായ ഹബാഡ് ലുബാവിച്ചിലാണ് ദൃക്സാക്ഷികളിൽ പലരും കസബിനെ കണ്ടിരുന്നത്. ഹെഡ്‌ലി സംഭവം പുറത്തുവന്നതിനു ശേഷം പോലും അങ്ങോർ ഈ കേസിൽ എവിടെ, എന്ത് പങ്കാണ് വഹിച്ചതെന്ന് ഇപ്പോൾ നടക്കുന്ന വിചാരണയിൽ ഒരിടത്തും ചർച്ചക്കെടുത്തിട്ടില്ല. അതേസമയം കൂട്ടുപ്രതികളെന്ന് ന്യായമായും സംശയിക്കാവുന്ന എഫ്.ബി.ഐ ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി ജി.പി.എസിന്റെ രേഖകൾ പുനരാവിഷ്കരിക്കുന്നതിൽ കോടതി സഹായം തേടുകയും ചെയ്തിരിക്കുന്നു. എന്തൊരു വിചിത്രമായ ദയനീയതയാണ് ഈ ഉദ്യോഗസ്ഥന്മാരുടെ മൊഴി! അവർ മാപ്പുസാക്ഷികൾ പോലുമല്ലെന്നോർക്കുക. മൊത്തത്തിൽ ഒത്തുകളിയാണെന്ന് തോന്നുന്ന ഒരു ഘടന ഇപ്പോഴും ഈ കേസിനുണ്ട്. കസബ് വെറുമൊരു പോലീസുകാരനെ കൊന്നതിനു മാത്രമാണ് കോടതിയിൽ പ്രോസിക്യൂഷൻ, സാക്ഷികളെ ഹാജരാക്കിയത്. കർക്കരെ, കാംതെ, സലസ്കർ എന്നിവരെ വധിക്കുമ്പോൾ കസബ് ഒപ്പമുണ്ടായിരുന്നുവെങ്കിലും യഥാർഥ പ്രതി പിന്നീട് കൊല്ലപ്പെട്ട അബൂ ഇസ്മാഈൽ ആയിരുന്നുവെന്നാണ് പോലീസിന്റെ കഥ. താൻ ആരെയും കൊന്നിട്ടില്ലെന്നും ജീപ്പിൽ ചുറ്റിയടിക്കുക മാത്രമാണ് ഉണ്ടായതെന്നുമാണ് കസബ് കോടതിയിൽ നൽകിയ മൊഴി. ഇന്ത്യൻ പോലീസിന്റെ ഈ വക ഔദാര്യങ്ങൾക്ക് ഉപകാരസ്മരണ എന്ന നിലയിലാണ് ഒരു ഘട്ടത്തിൽ ടിയാൻ കുറ്റസമ്മതം നടത്തിയതെന്നും സംശയിക്കേണ്ടിവരുന്നു. യഥാർഥ പ്രതികളിൽ ആരെയാണ് ഈ പ്രോസിക്യൂഷൻ ശിക്ഷിക്കുന്നതും രക്ഷിക്കുന്നതും? ■